**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 117** **08-12-2022 - ൽ മറുപടിയ്ക്ക്**

**വഖഫ് ഭൂമി തിരിച്ച് പിടിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ . മഞ്ഞളാംകുഴി അലി** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് ഫറൂഖ് കോളേജിന് അവകാശപ്പെട്ട 400 ഏക്കർ വഖഫ് ഭൂമി എറണാകുളം ജില്ലയിൽ ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ഇത് വഖഫ് ഭൂമിയാണെന്ന് വഖഫ് അന്വേഷണ കമ്മീഷൻ സ്ഥിരീകരിച്ചിട്ടുണ്ടോ; | (ബി) | ശ്രീ.എം.എ നിസാർ (റിട്ട:ജഡ്ജ്) ചെയർമാനായിട്ടുള്ള വഖഫ് എൻക്വയറി കമ്മീഷന്റെ 26-06-2009 തീയതിയിലെ 15-ാമത് റിപ്പോർട്ട് പ്രകാരം പ്രസ്തുത ഭൂമി വഖഫ് ചെയ്തിട്ടുള്ളതാണെന്നു പരാമർശിച്ചിട്ടുള്ളതും, അന്യാധീനപ്പെട്ട വഖഫ് വസ്തു തിരിച്ചു പിടിക്കുന്നതിനായി വഖഫ് റൂൾ പ്രകാരം നടപടി സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുകയുമുണ്ടായി. തുടർന്ന് വഖഫ് ബോർഡ് ലഭ്യമാക്കിയ നടപടിറിപ്പോർട്ടിൽ പ്രസ്തുത വിഷയം ബോർഡിന്റെ ജുഡിഷ്യൽ വിഭാഗത്തിന്റെ പരിഗണനയിലാണെന്ന വിവരം വഖഫ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ വ്യക്തമാക്കിയിട്ടുണ്ട്. |
| (സി) | വഖഫിന്റെ പ്രസ്തുത സ്ഥലം തിരിച്ച് പിടിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (സി) | വഖഫ് ബോർഡ് മുമ്പാകെ 9980/ആർ.എ നമ്പറായി രജിസ്റ്റർ ചെയ്തിട്ടുള്ള മുഹമ്മദ് സിദ്ദീഖ് സേഠ് വഖഫിന് ഇടപ്പള്ളി സബ് രജിസ്ട്രാർ ഓഫീസിലെ 2115/1950 നമ്പർ വഖഫ് ആധാരപ്രകാരം അവകാശപ്പെട്ട കുഴുപ്പിള്ളി, പള്ളിപ്പുറം വില്ലേജുകളിലായി സ്ഥിതി ചെയ്യുന്നതുമായ 404.76 ഏക്കറോളം വഖഫ് ഭൂമി അന്യാധീനപ്പെട്ടത് തിരിച്ച് പിടിക്കുന്നതിന് 2019 ലെ കേരള സ്റ്റേറ്റ് വഖഫ് ചട്ടങ്ങളിലെ ചട്ടം 79 പ്രകാരമുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിരുന്നതും പ്രസ്തുത വഖഫിന്റെ വസ്തുക്കൾ അനധികൃത കൈമാറ്റത്തിലൂടെ കൈവശം വെക്കുന്നവരിൽ നിന്നും നികുതി സ്വീകരിക്കുകയും കൈവശാവകാശ സർട്ടിഫിക്കറ്റ് നല്കുകയും പോക്കുവരവ് നടത്തി നല്കുകയും മറ്റു നടപടികൾ കൈക്കൊള്ളുകയും ചെയ്യരുതെന്ന് നിർദ്ദേശിച്ച് |

| | | | |
|---|---|---|---|
| | | | കൊണ്ട് ബന്ധപ്പെട്ട തഹസിൽദാർക്കും വില്ലേജ് ഓഫീസർമാർക്കും വഖഫ് ബോർഡ് നിർദ്ദേശം നല്കിയിരുന്നു. പ്രസ്തുത വിഷയത്തിൽ വഖഫ് ചട്ടപ്രകാരമുള്ള എൻക്വയറി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ നേതൃത്വത്തിൽ നടന്നു വരുന്നുണ്ട്. |
| (ഡി) | പ്രസ്തുത ഭൂമി കൈവശം വച്ചിരിക്കുന്നവരിൽ നിന്നും ഭൂനികുതി സ്വീകരിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ? | (ഡി) | പ്രസ്തുത വിഷയം സംബന്ധിച്ച് 20-07-2022 തീയതിയിൽ ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വഖഫ് ഭൂമി സംരക്ഷിക്കേണ്ട കാര്യത്തിൽ യാതൊരു തർക്കവുമില്ലെന്നും, എന്നാൽ പ്രസ്തുത ഭൂമി തിരിച്ചു പിടിക്കുന്നതിന് വളരെയധികം നടപടിക്രമങ്ങൾ പൂർത്തീകരിക്കേണ്ട സാഹചര്യത്തിൽ നികുതി അടയ്ക്കുന്നത് കേവലം fiscal exercise മാത്രമായതിനാലും ടൈറ്റിൽ അവകാശവുമായി (ഉടമസ്ഥാവകാശം) അതിന് യാതൊരു ബന്ധവുമില്ലാത്തതിനാലും, സർക്കാരിന് ഭൂനികുതി ഇനത്തിൽ ലഭിക്കേണ്ട വരുമാനത്തിൽ കുറവ് വരാതിരിക്കുന്നതിനും വേണ്ടി താൽക്കാലികമായി കരം അടയ്ക്കുവാൻ അനുവാദം നല്കുകയുണ്ടായി. എന്നാൽ ഇത് സംബന്ധിച്ച് സർക്കാർ പ്രത്യേക ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടുമില്ല. അന്യാധീനപ്പെട്ട ഭൂമി വീണ്ടെടുക്കുന്നതിന്റെ നടപടിക്രമങ്ങളുടെ ഭാഗമായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എൻക്വയറി നടത്തുകയും ബന്ധപ്പെട്ടവർക്ക് (കയ്യേറ്റക്കാർക്ക്) ഹിയറിംഗിനുള്ള നോട്ടീസ് നല്കുകയും, ഹിയറിംഗ് പൂർത്തിയാകുന്ന മുറയ്ക്ക് കയ്യേറ്റം പ്രഥമ ദൃഷ്ടിയിൽ തെളിയുന്ന പക്ഷം ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നല്കി കയ്യേറ്റം ഒഴിപ്പിക്കുന്ന നടപടി പൂർത്തീകരിക്കും. നടപടിക്രമങ്ങൾ പൂർത്തിയാകുന്നതുവരെ മാത്രമാണ് താൽക്കാലികമായി നികുതി സ്വീകരിക്കുന്നതിന് അനുമതി നല്കിയത്. ഇത്തരം വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനായി ബഹു റവന്യൂ വകുപ്പ് മന്ത്രി ഉൾപ്പെട്ട മന്ത്രിതല മോണിട്ടറിംഗ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ